# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 70**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

ഇപ്പോഴത്തെ സഭാ പ്രതിനിധി മണ്ഡലത്തിന്റെ ഔദ്യോഗിക കാലാവധി 2023 മാർച്ച് 31–ാം തീയതി അവസാനിക്കുകയാണല്ലോ. അതിനാൽ സഭാ ഭരണഘടന 77–ാം വകുപ്പു പ്രകാരം മണ്ഡലത്തിൽ പ്രാതിനിധ്യാവകാശമുള്ള എല്ലാ ഇടവകകളിലും അംഗീകൃത സ്ഥാപനങ്ങളിലും 2023 മാർച്ച് 31–ാം തീയതിക്ക് മുമ്പായി പുതിയ മണ്ഡലം പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് നടത്തണമെന്ന് ഇതിനാൽ അറിയിക്കുന്നു. 2023 ജനുവരി 15–ന് മുമ്പായി വോട്ടേഴ്സ് ലിസ്റ്റ് നടപടി പൂർത്തിയാക്കി ഇടവകയിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. വിദേശത്തുള്ള നമ്മുടെ മലേഷ്യ-സിംഗപ്പൂർ-ആസ്ട്രേലിയ-ന്യൂസിലാന്റ്, നോർത്ത് അമേരിക്ക – യൂറോപ്പ് ഭദ്രാസനങ്ങളിലെ ഇടവകകൾ 2022 ഒക്ടോബർ മാസം 15–ന് മുൻപ് വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിരിക്കുമല്ലോ.

സഭാ ഭരണഘടന 77–ാം വകുപ്പ് പ്രകാരം 100 മുതൽ 2000 വരെ അംഗങ്ങൾ ഉള്ള ഇടവകയിൽ നിന്നും ഒന്നും, രണ്ടായിരത്തി ഒന്ന് മുതൽ അയ്യായിരം വരെ അംഗങ്ങൾ ഉള്ള ഇടവകയിൽ നിന്നും രണ്ടും അയ്യായിരത്തിൽ കൂടുതൽ അംഗങ്ങൾ ഉള്ള ഇടവകയിൽ നിന്നും മൂന്നും മണ്ഡലം പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് പൂർത്തിയാക്കി, ഭദ്രാസന എപ്പിസ്കോപ്പായുടെ അംഗീകാരം വാങ്ങിയതിനു ശേഷം, വികാരിമാർ എത്രയും വേഗം തെരഞ്ഞെടുപ്പ് റിപ്പോർട്ട് ഇതോടൊപ്പം വച്ചിരിക്കുന്ന ഫാറം ബി(5) പൂരിപ്പിച്ച് സഭാ സെക്രട്ടറിയുടെ പേർക്ക് അയച്ചുകൊടുക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ അംഗങ്ങളെ അയയ്ക്കാവുന്ന ഇടവകകൾ ഓരോ അംഗത്തിനും പ്രത്യേകം ഫാറം ബി(5) ഉപയോഗിക്കേണ്ടതാണ്.

തെരഞ്ഞെടുക്കപ്പെടുന്നവർ ഭരണഘടന 148, 124 എന്നീ വകുപ്പുകളിൽ പറയുന്ന പ്രകാരം ഒപ്പിടുന്ന സത്യപ്രതിജ്ഞ, തെരഞ്ഞെടുപ്പ് റിപ്പോർട്ടോടുകൂടി വികാരിമാർ എത്രയും വേഗം സഭാ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. അപ്രകാരം സത്യപ്രതിജ്ഞ ഒപ്പിട്ട് അയച്ചിരിക്കുന്ന മണ്ഡലാംഗം 2023 ഏപ്രിൽ 1 മുതൽ കൈസ്ഥാന സമിതിയിലും അംഗമായിരിക്കും.

ഒന്നിൽ കൂടുതൽ പ്രതിനിധികളെ തെരഞ്ഞെടുക്കുവാൻ അർഹതയുള്ള ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളിൽ ഒരാളെങ്കിലും സ്ത്രീ ആയിരിക്കണം.

77–A ക്രമീകരണത്തിന്, വിധേയമായ ഇടവകകളുടെ ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിലുള്ള ലിസ്റ്റും, ഈ വരുന്ന തിരഞ്ഞെടുപ്പിൽ സ്ത്രീ സംവരണം നടപ്പിലാകുന്ന ഇടവകകളുടെ ലിസ്റ്റും ഭദ്രാസനാദ്ധ്യക്ഷന്റെ ചുമതലയിൽ ക്രമീകരിച്ച് മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടെ ഭദ്രാസനാദ്ധ്യക്ഷന്റെ കല്പന മുഖാന്തിരം അറിയിക്കുന്നതാണ്.

കക്ഷി മത്സരങ്ങളും, അഭിപ്രായ ഭിന്നതകളും, വ്യക്തിഹത്യാ പ്രവണതയും കൂടാതെ സഭയുടെ പുരോഗതിക്കും ദൈവനാമ മഹത്വത്തിനും മുഖാന്തിരമാകത്തക്കവിധം, പ്രതിനിധി മണ്ഡല തെരഞ്ഞെടുപ്പ് പ്രാർത്ഥനാപൂർവ്വം നടത്തണമെന്ന് ഉദ്ബോധിപ്പിക്കുന്നു. ദൈവഭക്തി, സഭാസ്നേഹം, കാര്യപ്രാപ്തി, ഉത്തമ ക്രിസ്തീയ സാക്ഷ്യം എന്നീ സദ്ഗുണങ്ങളുള്ളവരും മണ്ഡല യോഗത്തിൽ ആദ്യവസാനം ക്രമമായി പങ്കെടുക്കുവാൻ സന്നദ്ധതയുള്ളവരുമായ പ്രതിനിധികളെ മാത്രം തെരഞ്ഞെടുക്കുന്നതിന് ഇടവകക്കാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മദ്യപിക്കുന്നവരും, മയക്കുമരുന്ന് ഉപയോഗിക്കുന്നവരും സ്ഥാനാർത്ഥികൾ ആകുന്നതിനോ മണ്ഡലാംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുന്നതിനോ ഇടയാകാതെയിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഗുണദോഷിക്കുന്നു.

കൃപ നിങ്ങളോടേവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2022 ഡിസംബർ മാസം 17–ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 70**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

The official term of the present Sabha Prathinidhi Mandalam ends on 31st March 2023. Therefore, we hereby notify that elections of new representatives to the Mandalam shall be held before 31st March 2023 in all parishes and recognized Institutions, eligible for representation in the Mandalam as per Clause 77 of the Church Constitution. The voters list must be published in the parish by 15th January 2023 after completing the procedures. Parishes of the Dioceses of Malaysia-Singapore-Australia-New Zealand and North America-Europe should have already published their voters list before 15th October 2022.

As per Section 77 of the Church Constitution, every parish having 100 to 2000 members shall elect one representative, and parishes having members above 2001 and up to 5000 shall elect two representatives, and parishes having members above 5001 shall elect three representatives. On completion of the election and getting the approval from the Diocesan Episcopa, the Vicars must duly fill in the attached Form B (5) and send the election report to the Sabha Secretary immediately. Please use separate Form B (5) for each elected representative for those parishes entitled to send more than one representative.

The Vicars must submit to the Sabha Secretary at the earliest, the statement of oath signed by the elected representatives as stipulated by Clauses 148 and 124 of the Constitution along with the report of the election. Mandalam members who have thus submitted the signed oath shall have membership in the Kaisthana Samithy also from 01st April 2023.

In the case of parishes eligible to elect more than one representative, at least one of the elected representatives shall be a woman.

The list of parishes under the '77-A arrangement' ordered according to the English alphabet and the list of parishes reserved for representation by women in the coming election will be prepared under the responsibility of the Diocesan Bishop and intimated through a circular of the Diocesan Bishop with the Metropolitan's approval.

We exhort you to conduct the election to the Prathinidhi Mandalam prayerfully, avoiding partisan conflicts, differences of opinion, and the tendency towards character assassination, so that it would enhance the growth of the Church and bring glory to God's Holy name. The members of the parish should take special care to elect only representatives who are endowed with good qualities such as devotion to God, love towards the Church, efficiency, and good Christian witness, and are willing to participate throughout the Mandalam meetings regularly. Great care should be taken to ensure that persons who consume alcohol or narcotics privately or in public are not candidates as well as elected to be Mandalam members.

Grace be with you all.

Dated 17th December 2022 from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**

ഫാറം B (5)

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

സഭാ പ്രതിനിധി മണ്ഡലത്തിലേക്കുള്ള തെരഞ്ഞെടുപ്പ് റിപ്പോർട്ട്

സ്ഥലം.......................

തീയതി.....................

| | | |
|---|---|---|
| 1. | ഇടവകയുടെ പേര്<br>(Name of Parish) | |
| 2. | ഇടവകയിലെ വീടുകളുടെ എണ്ണം<br>(Number of houses in the Parish) | |
| 3. | ഇടവകയിലെ അംഗങ്ങളുടെ എണ്ണം<br>(മാമോദീസ ഏറ്റ പൈതങ്ങൾ ഉൾപ്പെടെ)<br>Number of members in the Parish<br>(including baptized Children) | |
| 4. | പ്രതിനിധി മണ്ഡലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ/നിയമിക്കപ്പെട്ടിരിക്കുന്നവരുടെ പേര് (Name) | |
| | വയസ് (Age) (Completed years) | |
| | പിതാവിന്റെ / ഭർത്താവിന്റെ പേര്<br>(Name of Father/Husband) | |
| | പൂർണ്ണമായ മേൽവിലാസം<br>(ഫോൺ നമ്പർ, ഇ–മെയിൽ സഹിതം)<br>(Full address with phone & e-mail)<br>(പാസ്പോർട്ട് സൈസ് കളർ ഫോട്ടോ രണ്ട് എണ്ണം ഇതോടൊപ്പം ഉള്ളടക്കം ചെയ്യണം)<br>(Please enclose two passport size colour photographs) | Telephone No:<br>Mobile No:<br>E-mail: |
| 5. | തെരഞ്ഞെടുപ്പ് നടത്തിയ തീയതി<br>(Date of Election) | |
| | വികാരിയുടെ പേരും ഒപ്പും<br>(Name & Signature of Vicar)<br><br>ഇടവക മുദ്ര (Parish seal) | |

N.B.: ഭദ്രാസനത്തിന്റെ പേര് (Name of the Diocese) : ......................................

സെന്ററിന്റെ പേര് (Name of the Centre) : ........................................…..

(സത്യപ്രതിജ്ഞ മറുവശം)

To,
The Sabha Secretary
Mar Thoma Sabha Office
Tiruvalla, Kerala.
Pin: 689 101

ഭരണഘടന 148–ാം വകുപ്പ് അനുസരിച്ച്
പ്രതിനിധി മണ്ഡലാംഗങ്ങൾ ഒപ്പിട്ട് സഭാ സെക്രട്ടറിക്ക് സമർപ്പിക്കേണ്ട

# സത്യപ്രതിജ്ഞ

മലങ്കര മാർത്തോമ്മാ സുറിയാനി സഭാ പ്രതിനിധി മണ്ഡലാംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന (നിയമിക്കപ്പെട്ടിരിക്കുന്ന)........................................................ ..................................................ആയ ഞാൻ സഭയുടെ ഭരണഘടനയോടു കൂറു പ്രഖ്യാപിക്കുകയും സഭയുടെ വിശ്വാസം, ഉപദേശം, ആചാരം ഇവയെ അനുസരിക്കുകയും ഞാൻ ഇപ്പോൾ പ്രവേശിക്കുന്ന സ്ഥാനത്തിനടുത്ത ചുമതലകൾ വിശ്വസ്തതയോടു കൂടി നിർവ്വഹിക്കുകയും ചെയ്യുമെന്ന് ഉറപ്പായി വാഗ്ദത്തം ചെയ്യുന്നു.

"I………………………………………………………………………………having been elected (or nominated) as a member of the Prathinidhi Mandalam, of the Malankara Mar Thoma Syrian Church solemnly affirm that I will bear true and faithful allegiance to the constitution of the Church, abide by its faith, teachings and practices and swear that I will faithfully discharge the duties pertaining to the office I am now assuming."

| പേര് (ഇംഗ്ലീഷിലും മലയാളത്തിലും വ്യക്തമായിഎഴുതുക) (Name in English & Malayalam) | മേൽവിലാസം (Address) | ഇടവക (Parish) | ഒപ്പ് (Signature) |
|---|---|---|---|
| | | | |

വികാരിയുടെ പേര്
(Name of the Vicar) :

ഒപ്പ് (Signature) :

(Parish Seal)